**പതിമൂന്നാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം 1034

07.02.2013 ൽ
മറുപടിയ്ക്ക്

**'ടേക്ക് എ ബ്രേക്ക് പദ്ധതി '**

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. വി.ഡി.സതീശൻ<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. പാലോട് രവി<br>ശ്രീ. പി.സി.വിഷ്ണുനാഥ് | ശ്രീ. എ.പി.അനിൽകുമാർ<br>(പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| എ) വിനോദസഞ്ചാര വകുപ്പിൻെറ 'ടേക്ക് എ ബ്രേക്ക്' പദ്ധതിക്ക് തുടക്കമിട്ടിട്ടുണ്ടോ; വിശദമാക്കുമോ; | എ) ഉണ്ട്. സംസ്ഥാനത്തെ പ്രധാനവീഥികൾ, ഹൈവേകൾ എന്നിവയോട് ചേർന്ന് 'ടേക്ക് എ ബ്രേക്ക്' എന്ന പേരിൽ വേ സൈഡ് അമിനിറ്റി സെൻ്ററുകൾ ആരംഭിക്കുവാനുള്ള പദ്ധതി കെ.ടി.ഐ.എൽ ൻെറ ആഭിമുഖ്യത്തിൽ ആവിഷ്കരിച്ചിട്ടുണ്ട്. |
| ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങളും പ്രവർത്തനരീതിയും എന്തൊക്കെയാണ്; | ബി) വിനോദസഞ്ചാരികൾക്കും ദീർഘദൂര യാത്രികർക്കും തങ്ങളുടെ യാത്രയ്ക്കിടയിൽ താൽക്കാലിക വിശ്രമത്തിനും ഉണർവിനുമുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുക, യാത്രയ്ക്ക് ആവശ്യമായതും, വിനോദ സഞ്ചാരത്തിനുതകുന്നതുമായ വിവരങ്ങൾ സുഗമമായി ലഭ്യമാക്കുക മുതലായവയാണ് ലക്ഷ്യങ്ങൾ. |
| സി) വിനോദസഞ്ചാരികൾക്ക് എന്തെല്ലാം സൗകര്യങ്ങളാണ് പ്രസ്തുത പദ്ധതിയിലൂടെ ലഭിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | സി) അതത് പ്രദേശങ്ങളിലൂടെ കടന്നുപോകുന്ന വിനോദ സഞ്ചാരികൾക്കും ദീർഘദൂര യാത്രികർക്കും, തീർത്ഥാടകർക്കും പ്രയോജനമാകും വിധത്തിൽ വിശ്രമം, ലഘുഭക്ഷണം മുതലായവയ്ക്കുള്ള സൗകര്യങ്ങൾ, ടോയ്‌ലറ്റ് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ, യാത്രാ സംബന്ധമായ ഇൻഫർമേഷൻ കിയോസ്ക്, എ.ടി.എം കൗണ്ടറുകൾ, കുട്ടികൾക്കായി വിനോദ ഉപാധികൾ തുടങ്ങിയവയാണ് വിഭാവനം ചെയ്തിട്ടുള്ളത്. |
| ഡി) പ്രസ്തുത പദ്ധതിയിൽ വിവിധ സാങ്കേതിക വിദ്യകൾ എങ്ങനെ പ്രയോജനപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ? | ഡി) ടൂറിസം സംബന്ധിച്ച വിവര സമാഹരണത്തിനും സഞ്ചാരികൾക്ക് അവ ലഭ്യമാക്കുന്നതിനും നൂതന വിവര സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി കൊണ്ടുള്ള ഇൻഫർമേഷൻ കിയോസ്ക് ഉപയോഗപ്പെടുന്നതാണ്. എ.ടി.എം കൗണ്ടറുകൾ, കുട്ടികളുടെ ഉല്ലാസത്തിനായി സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായ വിവിധ സംവിധാനങ്ങൾ തുടങ്ങിയവയും ഏർപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ